*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 35A

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

# ചമത്കാരങ്ങളുടെ ചമത്കാരം!

**(MIRACLE OF MIRACLES)**

**സെപ്തം.19, 2022**

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം.

നാം നമ്മുടെ ഭഗവാന്റെ മഹിമകൾ, ചമത്കാരങ്ങൾ, അഥവാ ലീലകൾ കേൾക്കുക വളരെ അതിശയത്തോടെയാണ്. അവ ദുർഗ്രഹമാണ്, മനസ്സിന്റെ പ്രാപ്തിക്ക് അതീതമാണ്. അവ ശാസ്ത്രത്തിന്റെ നിയമങ്ങളെ അതിക്രമിക്കുന്നു. നമ്മുടെ യുക്തിക്കൊന്നും അതിൽ സ്ഥാനമില്ല. ശാസ്ത്രം അവിടെ പരാജയപ്പെടുന്നു! ഭഗവാന്റെ മഹിമകളുടെ, ലീലകളുടെ തലം അതാണ്.

ഒരു ചമത്കാരത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കുകയാണ് ഞാൻ-വാസ്തവമായും ഇതൊരു ചമത്കാരം തന്നെയാണ്, ഇതിൽ അവിടുന്ന് ക്യാൻസർ രോഗിയായ ഇതിലെ കഥാപാത്രമായ സ്ത്രീയുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടിട്ട്, അവർ ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്ത പ്രശാന്തിനിലയം കാണിച്ചുകൊടുക്കുന്നു, എന്നിട്ട് അവർക്ക് ഇന്റർവ്യൂ നൽകുന്നു, ബാൽക്കണിയിൽ നിന്നുകൊണ്ട് അവരോട് സംസാരിക്കുന്നു. അവർ ഒരിക്കൽപ്പോലും സ്വാമിയെപ്പറ്റി കേട്ടിട്ടില്ല. അവർ ഒരിക്കൽപ്പോലും പ്രശാന്തിനിലയത്തിൽ വന്നിട്ടില്ല. അതുകൊണ്ടുതന്നെ ബാൽക്കണിയെപ്പറ്റിയും അറിയുന്ന ചോദ്യം ഉദിക്കുന്നില്ല, കാരണം അവർ ഒരിക്കൽപ്പോലും അവിടെ പോയിട്ടില്ല. സ്വാമി അതെല്ലാം അവർക്ക് സ്വപ്നത്തിൽ കാണിച്ചുകൊടുക്കുന്നു. തന്നെയുമല്ല, അവർക്ക് തുടക്കത്തിൽ സ്വാമിയെക്കുറിച്ച് അറിവേയില്ല താനും.

ഇതാണ് മൊത്തത്തിലുള്ള കഥ, സ്വാമി അപ്രതീക്ഷിതമായി ഒരു സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുന്നു, ക്യാൻസർ ഭേദമാക്കിക്കൊണ്ട് പ്രശ്നം പരിഹരിക്കുന്നു. ഇത് ഒരു രാജകുടുംബവുമായി ബന്ധപ്പെട്ട ഒരു ചമത്കാരമാണ്, ബൽബീർ കൗർ എന്ന ആ സ്ത്രീയുമായി ബന്ധപ്പെട്ടതാണ്. 1966-ലാണ് ഇത് സംഭവിച്ചത്. മാരകമായ ഒരു ക്യാൻസർ കാരണം അവർക്ക് ഒരു ശസ്ത്രക്രിയയ്ക്ക് വിധേയയാകേണ്ടിയിരുന്നു. ഡോക്ടർമാർ അവരുടെ കൈയിൽ നേരിട്ട് റിപ്പോർട്ടുകളൊന്നും നൽകിയില്ല. പകരം, അവരുടെ മകളുടെ കൈകളിലാണ് അവർ റിപ്പോർട്ടുകളൊക്കെ നൽകിയിരുന്നത്. ഇതിനു പുറമെ, ബൽബീർ കൗറിന്



ഒരു രക്തസ്രാവവും ഉണ്ടായിരുന്നു. അവർക്ക് ബോംബെയ്ക്ക് പൊയ്ക്കൊള്ളാൻ ഉപദേശം ലഭിച്ചു. അതുകൊണ്ട്, അവർ പഞ്ചാബിൽനിന്ന് ബോംബെയിലേക്ക് പോയി, ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യപ്പെട്ടു.

അവരുടെ മകൾ സിന്ധിന്റെ മഹാറാണിയാണ്. ശരി, അവർ ഡോക്ടറോട് അപേക്ഷിച്ചിട്ട് അവളെ അവിടെ അഡ്മിറ്റ് ചെയ്യിച്ചതാണ്. അവരുടെ അവസ്ഥ കണ്ടിട്ട്, ഡോക്ടർ ക്യാൻസറിന്റെ വളർച്ചയിൽ തൊടാൻ വിസമ്മതിച്ചു. എന്നാൽ മകൾ, സിന്ധിലെ മഹാറാണി, ഡോക്ടറുടെ മുമ്പാകെ കരയുകയുണ്ടായി, അവസാനം അവളുടെ മാതാവിന് ഓപ്പറേഷൻ നടത്താമെന്ന് ഡോക്ടർ സമ്മതിക്കുകയുണ്ടായി. ഒടുക്കം, ബൽബീർ കൗറിന് സാർകോമ എന്ന ഏറ്റവും മാരകമായ ക്യാൻസർ ആണെന്നും, അവർക്ക് കഠിനമായ വേദന അനുഭവിക്കേണ്ടി വരുമെന്നും ഡോക്ടർ പറഞ്ഞു. എന്തു ചെയ്യും!

ആഗസ്റ്റ് മാസം 2-ാം തീയതി അവർക്ക് ഓപ്പറേഷൻ നിശ്ചയിക്കപ്പെട്ടു. മൂന്ന് മാസത്തിനിടെ ഇത് രണ്ടാമത്തെ ഓപ്പറേഷനാണ്! എന്നാൽ കഥ അവിടെ തീരുന്നില്ല. ശരീരം മുഴുവനും ഡ്രെയിനേജ് ട്യൂബുകളും ഇലക്ട്രിക് സക്ഷൻ പമ്പുകളും ആണ്, ഒപ്പം ശരീരം മുഴുവനും ധാരാളം ലീക്കുകളും. അവർ മരണത്തിന്റെ വക്കിലാണെന്ന് തോന്നിച്ചു. ആ അവസ്ഥയിൽ അവർക്ക് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ പോലും വേണ്ടി വരുമായിരുന്നു.

നിർഭാഗ്യവശാൽ മൂത്രനാളിയിൽ ഒരു സുഷിരവും പ്രത്യക്ഷപ്പെട്ടു. ഒരു മൂന്നാമത്തെ ഓപ്പറേഷൻ വേണ്ടിവരുമെന്ന് ഡോക്ടർ അഭിപ്രായപ്പെട്ടു. എന്നാൽ അവർക്ക് വല്ലാത്തൊരു ചുമ ആ സമയത്ത് ഉണ്ടായിരുന്നു, ഈ മരുന്നുകളും ആന്റിബയോട്ടിക്കുകളും കഴിച്ച് വായ പൊട്ടി വീങ്ങിയിരുന്നു.

പക്ഷേ, ഇനി ഇതു കാണൂ! ബോംബെയിലേക്ക് വരുന്നതിന് മുമ്പ്, അവരുടെ ഒരു ബന്ധു അവർക്ക് ഭഗവാൻ ബാബയുടെ ഒരു ഫോട്ടോയും കസ്തൂരി രചിച്ച ബാബയുടെ ജീവചരിത്രവും നൽകിയിരുന്നു. ബാബയുടെ ചിത്രം തന്നെ രോഗിയായ ബൽബീർ കൗറിന്റെ ഹൃദയത്തെ സ്പർശിക്കുകയുണ്ടായി. ശരി, അവർ ടേബിളിൽ കിടക്കുകയാണ്, എക്സ്-റേ എടുത്തു കഴിഞ്ഞു, അവർ മൂന്നാമത്തെ ഓപ്പറേഷൻ കാത്തുകിടക്കുകയാണ്. എക്സ്-റേ ടേബിളിൽ 4.00 മണിക്ക്, അവർക്ക് അതിശയമുണ്ടാക്കിക്കൊണ്ട്, ശരീരത്തിലെ എല്ലാ ചോർച്ചകളും നിലച്ചു, അവ പിന്നീട് സംഭവിച്ചില്ല!

അവർ ബാബയോട് പ്രാർത്ഥിക്കുകയായിരുന്നു, "സ്വാമീ! സർജറി ഒഴിവാക്കണേ!" 24 മണിക്കൂർ നേരത്തേക്ക് ലീക്ക് നിന്നു, അതുകൊണ്ട് അവർക്ക് ഓപ്പറേഷൻ ആവശ്യമായി വന്നില്ല. ഇത് നിഗൂഢമായിരുന്നു! എന്നാൽ ഇക്കാര്യങ്ങൾ സംഭവിച്ചിരുന്നു-ലീക്കും അതുപോലെയെല്ലാം-ചില കാര്യങ്ങളാൽ. സർജറി സമയത്ത് ട്യൂബുകൾ ഒക്കെ മാറ്റപ്പെട്ടു. നോക്കൂ ബാബയുടെ കൈ!



അവർ ശക്തി വീണ്ടെടുത്തു, ആസ്പത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്യപ്പെട്ടു. അവർ പ്രാർത്ഥിക്കുകയായിരുന്നു, "സ്വാമീ! എന്തു ചെയ്യണമെന്ന് പറഞ്ഞാലും!" ഇതൊക്കെ, ഞാൻ മുമ്പ് പറഞ്ഞതുപോലെ, ബന്ധു സമ്മാനിച്ച ആ ഫോട്ടോയിൽ നോക്കിക്കൊണ്ടായിരുന്നു. എന്നിട്ട് സ്വാമി അവരുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു, അവർക്കാ ബാൽക്കണി ദർശനം ഉണ്ടായി. അവർ മുമ്പൊരിക്കലും ഇവിടെ വന്നിട്ടില്ല, അവർ ഓരോരുത്തരോടും അപേക്ഷിച്ചു-പുട്ടപർത്തിയിലെത്താൻ അവരെ അനുവദിക്കണം എന്ന്. ഭഗവാൻ കാരുണ്യപൂർവം അവർക്ക് ഇന്റർവ്യൂ അനുവദിച്ചു, അവരുടെ ഓപ്പറേഷന്റെ സകല കാര്യങ്ങളും പറഞ്ഞു. അങ്ങനെ അവർ ആരോഗ്യം

വീണ്ടെടുത്തു, അവർ പുട്ടപർത്തിയിൽ സ്ഥിരതാമസമാക്കി. അവരെ ധാരാളം അളുകൾക്ക് അറിയാം!

അങ്ങനെ, ഇതൊരു ചമത്കാരമാണ്, സ്വാമി അവരുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് മുമ്പ് സന്ദർശിച്ചിട്ടേയില്ലാത്ത സ്ഥലങ്ങൾ കാണിച്ചുകൊടുത്തു. ഇത് ചമത്കാരങ്ങളുടെ ചമത്കാരമാണ്, കാരണം അവരുടെ ക്യാൻസർ സമ്പൂർണമായി സുഖമായിരിക്കുന്നു!

പ്രഫസർ ബാനർജിയുടെ മറ്റൊരു കേസും നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. അതെ! അദ്ദേഹത്തിന്റെ അനന്തരവളായിരുന്നു മിസിസ് ചാറ്റർജി. ഈ മിസിസ് ചാറ്റർജി 38 വയസ്സ് പ്രായമുള്ളവരും, 7 കുട്ടികളുടെ മാതാവായിരുന്നു. ഇത് സംഭവിച്ചത് 1965-ലാണ്. ഡോ. ബാനർജി ഇവിടെയുള്ള, ഇവിടെ പ്രശാന്തിനിലയത്തിൽ താമസമാക്കിയ, നാരായണയ്യ എന്ന ഒരാളുമായി കത്തിടപാടുകൾ തുടങ്ങി. ഈ വളരെ കൗതുകകരമായ ചമത്കാരത്തെപ്പറ്റി അദ്ദേഹം ഏതാണ്ട് നാല് കത്തുകളാണ് എഴുതിയത്.

മിസിസ് ചാറ്റർജിക്ക് ഇടതു മാറിടത്തിന് ക്യാൻസറുണ്ടായി. അവർ ഗ്വാളിയറിൽവച്ച് പരിശോധനയ്ക്ക് വിധേയയായി, പിന്നീട് ഡൽഹി ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലും, അവരെല്ലാവരുംതന്നെ അത് മാരകമായ ക്യാൻസറാണെന്ന് സ്ഥിരീകരിച്ചു. ഇതാണ് പ്രഫസർ ബാനർജി ഗ്വാളിയറിൽനിന്നും 1965 ഫെബ്രുവരി 6-ന് നാരായണയ്യയ്ക്ക് എഴുതിയത്. ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ഡയറക്ടറായ ഡോ. രാമലിംഗസ്വാമിയാണ്-അദ്ദേഹം പത്മവിഭൂഷൺ ആണ്- ഈ മാരകമായ ക്യാൻസർ സ്ഥിരീകരിച്ചതെന്ന് ആ കത്തിൽ ഡോ. ബാനർജി പരാമർശിക്കുകയുണ്ടായി. അതൊരു മാരകമായ ക്യാൻസറായിരുന്നു-കാർസിനോമ, അത് സ്ഥിരീകരിക്കപ്പെട്ടു!



അപ്പോൾ, നടന്നതൊക്കെ ഈ നാരായണയ്യ സ്വാമിക്ക് റിപ്പോർട്ട് ചെയ്തു, പ്രഫസർ ബാനർജി തനിക്കെഴുതിയ കത്തിലെ വിവരങ്ങളുൾപ്പടെ.

സ്വാമി വിഭൂതി സൃഷ്ടിച്ച് അത് ബാനർജിക്ക് അയച്ചുകൊടുത്തു, അത് ഉപയോഗിക്കേണ്ട രീതി സഹിതം. അതെ! ബാനർജിയുടെ ഈ കത്ത് ലഭിച്ചത് ഫെബ്രുവരി 20-നായിരുന്നു. ആ കത്തിലെന്താണെന്നോ പറഞ്ഞിരുന്നത്? വിഭൂതി ഉപയോഗിക്കപ്പെട്ടു!

ആദ്യത്തെ കത്തിൽ ഈ ക്യാൻസറിനെക്കുറിച്ചും അതിന്റെ പ്രശ്നങ്ങളെക്കുറിച്ചുമായിരുന്നു പറഞ്ഞിരുന്നത്, ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥിരീകരണവും. വിഭൂതി കിട്ടിയ ശേഷം പ്രഫസർ ബാനർജി നാരായണയ്യയ്ക്ക് രണ്ടാമത് ഒരു കത്ത് എഴുതി, നിർദ്ദേശപ്രകാരം വിഭൂതി ഉപയോഗിച്ചു എന്ന് അറിയിച്ചുകൊണ്ട്. ആ സ്ത്രീക്ക് കടുത്ത പനി-106, ചിലപ്പോൾ 107-ഉണ്ടായി എന്നും കത്തിലുണ്ടായിരുന്നു. അവർക്ക് ഒരു പൊള്ളുന്ന തോന്നൽ, ഒരു താണുപോകുന്ന അനുഭവം ഉണ്ടായി. വിഭൂതി പ്രയോഗിച്ചു കഴിഞ്ഞപ്പോൾ സകല പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു! എല്ലാ തകരാറുകളും അപ്രത്യക്ഷമായി!

എന്നിട്ട്, മാർച്ച് 10-ന് ഡോ. ബാനർജി, പ്രശാന്തിനിലയത്തിലെ അന്തേവാസിയായ നാരായണയ്യയ്ക്ക് മൂന്നാമത് ഒരു കത്ത് എഴുതി. അനീമിയയോ രക്തക്കുറവോ പോലുള്ള പ്രശ്നങ്ങളൊന്നും ഇല്ലെന്നും, എല്ലാം നോർമൽ ആണെന്നും, മിസിസ് ചാറ്റർജി പതിവുപോലെ ആഹാരം കഴിക്കുന്നുണ്ടെന്നും കത്തിലുണ്ടായിരുന്നു. അങ്ങനെ, അവിടുത്തെ കൃപയാൽ സ്വാമി ആ സ്ത്രീയെ രക്ഷപ്പെടുത്തി.

ഇനി, തന്റെ നാലാമത്തെ കത്തിൽ, അത് 'സനാതനസാരഥി' യിൽ പ്രസിദ്ധീകരിക്കപ്പെട്ടതാണ്, ഡോ. ബാനർജി നാരായണയ്യയ്ക്ക് എഴുതി, അവർ സുഖമായി ഇരിക്കുന്നു. എന്നിരുന്നാലും, മുൻകരുതലെന്ന നിലയ്ക്ക്, ഭാവിയിൽ ക്യാൻസർ ഉണ്ടാവരുത് എന്നുദ്ദേശിച്ച്, അവർക്ക് മറ്റൊരു ഓപ്പറേഷൻ ചെയ്യണമെന്ന് ഡോക്ടർമാർ തീരുമാനിച്ചു. പക്ഷേ, പിന്നീട് ഡോക്ടർമാർ ആ ആശയം ഉപേക്ഷിച്ച് അവരെ ഡിസ്ചാർജ് ചെയ്യുകയുണ്ടായി. ജാലവിദ്യയെന്തോ നടന്നിട്ടുണ്ടാവണം! ഡോക്ടർമാർ നേരത്തേ പ്രഖ്യാപിച്ചിരുന്ന മരണം, അതിനെന്ത് സംഭവിച്ചു? ബാബയുടെ കാരുണ്യം എല്ലാ പ്രശ്നവും പരിഹരിച്ചു! ഇതെല്ലാം ഗ്വാളിയറിൽ തന്റെ വകുപ്പിൽ ഉന്നതസ്ഥാനം വഹിക്കുന്ന പ്രഫ. ബാനർജിയുമായി ബന്ധപ്പെട്ടുള്ള വിവരങ്ങളാണ്.

മറ്റൊരാളുമായി ബന്ധപ്പെട്ട് ഇനിയൊരു സമാനമായ കഥയുണ്ട്. നമ്മിൽ മിക്കവരും അദ്ദേഹത്തെ കണ്ടിട്ടുണ്ട്, കാരണം അദ്ദേഹം ഭഗവാന്റെ ഭജനുകളുടെ ഒരു ലീഡ് സിംഗറാണ്. അക്കാലത്ത് അദ്ദേഹം മിക്കപ്പോഴും പ്രശാന്തിനിലയം സന്ദർശിക്കുമായിരുന്നു. അദ്ദേഹം മഹാരാഷ്ട്ര സർക്കാരിനുവേണ്ടിയുള്ള ഡോക്യുമെന്ററി ഫിലിമുകളുടെ ഒരു പ്രൊഡ്യൂസറായിരുന്നു. ദീക്ഷിത് എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹത്തിന്റെ സഹോദരിക്ക് ഇടതുവശത്തായി ബ്രെസ്റ്റ് ക്യാൻസർ ഉണ്ടായി. ശരീരത്തിൽ ഒരു മുഴയുണ്ടായിരുന്നതായി പറയപ്പെടുന്നു. അവർ ബോംബെ ടാറ്റ മെമ്മോറിയൽ ഹോസ്പിറ്റലിൽ പരിശോധിപ്പിക്കപ്പെട്ടു. അത് ക്യാൻസറാണെന്ന്, കാർസിനോജനിക് ആണെന്ന് അവർ സ്ഥിരീകരിക്കുകയുണ്ടായി. ഒരു ചൊവ്വാഴ്ചത്തേക്ക് അവർ ശസ്ത്രക്രിയ നിശ്ചയിച്ചു, എന്നാൽ ചൊവ്വാഴ്ച

അവധിദിവസമാണെന്ന് പെട്ടെന്ന് തിരിച്ചറിഞ്ഞു. അതുകൊണ്ട് ശസ്ത്രക്രിയ ബുധനാഴ്ചത്തേക്ക് മാറ്റി.

ബാബ അനന്തപൂർ സന്ദർശിക്കുന്നുണ്ടെന്ന് ഈ ദീക്ഷിത് അറിയാനിടയായി, അവിടുത്തെ അനുമതി നേടാനായി അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം തന്റെ സഹോദരിക്കൊപ്പം അവി




ടെയെത്തി. അതെ, അവർ അതിരാവിലെയാണ് അനന്തപൂരിൽ എത്തിച്ചേർന്നത്.

കുറച്ചകലെ വച്ച് അവർ വരുന്നതു കണ്ട് ഭഗവാൻ പറഞ്ഞു, ‘‘എനിക്കറിയാം, ദീക്ഷിത്, നിന്റെ സഹോദരിയുടെ ബ്രെസ്റ്റ് ക്യാൻസറിനെക്കുറിച്ച് പരാതി പറയാനാണ് വരുന്നത്. അവർ ചൊവ്വാഴ്ചത്തേക്ക് ശസ്ത്രക്രിയ നടത്താനാണ് തീരുമാനിച്ചത്, എന്നാൽ അത് ബുധനാഴ്ചത്തേക്ക് മാറ്റിയിരിക്കുകയാണ്. ഇനി ഞാൻ നിങ്ങളോട് പറയാം, അത് ബുധനാഴ്ച നടക്കില്ല; അത് വ്യാഴാഴ്ചയാവും നടക്കുക. പരിഭ്രമിക്കേണ്ട, ഞാൻ അവിടെയുണ്ടാവും!’’

എന്നിട്ട് അവിടുന്ന് വിഭൂതി സൃഷ്ടിച്ചിട്ട് സഹോദരിക്ക് കൊടുക്കാൻ പറഞ്ഞു, അതിൽ കുറച്ചു ഭാഗം ഈ ദീക്ഷിതിന്റെ നെഞ്ചത്ത് തിരുമ്മി. അതെ, ദീക്ഷിതിന്റെ-അദ്ദേഹത്തിന്റെ നെഞ്ചത്ത്, എന്നിട്ട് പറഞ്ഞു, ‘‘ഇനി നിങ്ങൾ പൊയ്ക്കൊള്ളൂ!’’

അവർ ബോംബെക്ക് പോയി, ആസ്പത്രിയിൽ ചെന്നു, ബാബയുടെ പ്രവചനം സത്യമായിരുന്നു, ഓപ്പറേഷൻ വ്യാഴാഴ്ചയായിരുന്നു തീരുമാനിക്കപ്പെട്ടത്. ശരി, ബുധനാഴ്ച വൈകുന്നേരം സംഭവിച്ചത് എന്തെന്നോ? ദീക്ഷിത് തന്റെ സഹോദരിയുടെ കിടക്കയുടെ അരികത്ത് ഇരിക്കുകയായിരുന്നു. വൈകുന്നേരം, ദീക്ഷിതിന്റെ ഇടത് നാസാദ്വാരത്തിൽ നിന്ന്-

ദയവായി ഈ വസ്തുത ശ്രദ്ധിക്കൂ- ദീക്ഷിതിന്റെ ഇടത് നാസാദ്വാരത്തിൽ നിന്ന്, ഏതോ നിറമുള്ള സ്രവം പുറത്തു വരാൻ തുടങ്ങി. യാതൊരു വേദനയും ഉണ്ടായിരുന്നില്ല! അദ്ദേഹത്തിന്റെ പൈജാമ നനയത്തക്കവിധം അളവിലുണ്ടായിരുന്നു ഈ സ്രവം, അദ്ദേഹത്തിന് പൈജാമ മാറ്റേണ്ടിവന്നു. ഇതു കണ്ട് ദീക്ഷിതിന്റെ ഭാര്യ പേടിച്ചു പോയി. പനിയോ ചുമയോ ഒന്നും ഉണ്ടായിരുന്നില്ല, അപ്പോൾ ഈ സ്രവം എന്താണ്? എന്നാൽ അവർ വ്യാഴാഴ്ചത്തെ ഓപ്പറേഷന്റെ തയ്യാറെടുപ്പിലായിരുന്നതുകൊണ്ട്, തിരക്കിൽ അവർ ഈ നടന്നതൊക്കെ മറന്നു.

വ്യാഴാഴ്ചദിവസം, കാലത്ത് 9 മണിക്ക്, ഈ സ്ത്രീയെ, ദീക്ഷിതിന്റെ സഹോദരിയെ ഓപ്പറേഷൻ തീയറ്ററിൽ കയറ്റി! പതോളജിസ്റ്റ് തീയറ്ററിൽനിന്ന് പുറത്തുവന്നിട്ട് പറഞ്ഞു, "എക്സ്-റേയിൽ ഞങ്ങൾ മുഴയൊന്നും തന്നെ കാണുന്നില്ല. അതിൽ വെള്ളംപോലെ എന്തോ സ്രവം മാത്രമാണ്! ഞങ്ങളത് മരവിപ്പിച്ചിട്ടുണ്ട്. അത് ഞങ്ങൾ ബയോപ്സിക്ക് അയച്ചിരിക്കുകയാണ്."

ശരി, വെള്ളിയാഴ്ച ദിവസം, ദീക്ഷിത് റിസൽട്ട് അറിയാനായി ചെന്നു, ഡോക്ടർ പറഞ്ഞു, "എല്ലാം ശരിയായി! ക്യാൻസറിന്റെ പൊടി പോലുമില്ല!"

സഹോദരീഭർത്താവ്, അദ്ദേഹം ഡൽഹിയിലാണ് താമസം, അവരെ കാണാനായി വന്നു,



അവരുടെ സൗഖ്യം കണ്ടു. തുടക്കത്തിൽ യാതൊരു പ്രതീക്ഷയുമില്ലാതിരുന്നിട്ട്, ഇപ്പോൾ ക്യാൻസറേ ഇല്ല! അദ്ദേഹം വൈകാതെ പ്രശാന്തിനിലയത്തിലേക്ക് കുതിച്ചു, ഡൽഹിയിൽനിന്ന് പ്രശാന്തിനിലയത്തിലേക്ക്!

സ്വാമി ബാൽക്ക ണിയിൽ നിന്നുകൊണ്ട് ദർശനം നൽകുന്നത് അദ്ദേഹം കണ്ടു. അവിടെ നിന്നുകൊണ്ട് അവിടുന്ന് പറഞ്ഞു, "പരിഭ്രമിക്കേണ്ട! എനിക്കറിയാം, അത് വെള്ളം മാത്രമാണ്! മുഴയില്ല, ക്യാൻസറുമില്ല! പരിഭ്രമിക്കേണ്ട! സന്തോഷമായിരിക്കൂ. നിന്റെ ഭാര്യയ്ക്ക് സുഖമാവും!"

അതാണ് ഭഗവാൻ ശ്രീ സത്യസായി ബാബ!

ഈ ലഘുപ്രഭാഷണത്തിൽ, ശരിക്കും അതിശയകരമായ മൂന്ന് ക്യാൻസർ സൗഖ്യങ്ങളെക്കുറിച്ചാണ് ഞാൻ പരാമർശിച്ചത്. ഭഗവാൻ നിഗൂഢനും ചമത്കാരതത്പരനുമത്രെ!

സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**

(പരിഭാഷ: എം.എൻ. വിനോദ്കുമാർ)